രക്തരക്ഷസിന്റെ

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM

ഷീറ്റു

JAWAHAR BAL BHAVAN CHILDREN'S LIBRARY

# ഭക്ത തുളസീദാസ്

പ്രസന്നൻ ജി. മല്ലശ്ശേരി.

Malayalam

**Bhakta Thulasidas**

Childrens Literature

PRASANNAN. G. MULLASSERY

Second Impression 1000 Copies

[illegible] 1977

Rights Reserved by the Publishers

**Sree Narasimha Vilasom Book Depot**

**Thuravoor.**

**Printed at:**

**Sree Venkatesha Printers, Thuravoor.**

Rs. 1-50

# ഭക്ത തുളസീദാസ്

(ബാലസാഹിത്യം)

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM.
7199

പ്രസന്നൻ ജി. മല്ലശ്ശേരി.

ശ്രീനരസിംഹവിലാസം ബുക്ക് ഡിപ്പോ
തുറവൂർ, 1 — 50 കേരളം.

## പ്രസന്നൻ ജി. മല്ലശ്ശേരിയുടെ—
## ബാലസാഹിത്യ കൃതികൾ.

| | |
|---|---|
| ശ്രീ രാമകൃഷ്ണപരമഹംസൻ | (ജീവചരിത്രം) |
| സ്വാമി വിവേകാനന്ദൻ | ,, |
| സ്വാമി ദയാനന്ദസരസ്വതി | ,, |
| ഈശ്വരചന്ദ്രവിദ്യാസാഗർ | ,, |
| ബാലഗംഗാധരതിലക് | ,, |
| പണ്ഡിത രമാഭായി | ,, |
| ഗോപാലകൃഷ്ണഗോഖലെ | ,, |
| മഹാദേവ ഗോവിന്ദറാനഡെ | ,, |
| സർ. ജെ. സി. ബോസ് | ,, |
| വിശുദ്ധ നബി | ,, |
| എബ്രഹാംലിങ്കൻ | ,, |
| രാജേന്ദ്രപ്രസാദ് | ,, |
| ബേഡൻപവ്വൽ | ,, |
| ഭക്തതുളസീദാസ് | ,, |
| റോബിൻ സൺക്രൂസോ | (സഞ്ചാരകഥ) |
| സിൻബാദ് | ,, |

# 1

## പ്രാരംഭം

വല്മീകിമഹർഷി രാമായണം സംസ്കൃതഭാഷയിൽഎഴുതി. പില്ക്കാലത്തു് സംസ്കൃതം സംസാരഭാഷയല്ലാതായിത്തീൎന്നു. അതുകൊണ്ടു് വാല്മീകിരാമായണം സംസ്കൃതപാണ്ഡിത്യമുള്ളവൎമാത്രമേ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നുള്ളു. സാമാന്യജനങ്ങൾക്കു് രാമായണം വായിച്ചുമനസ്സിലാക്കാൻ സാധിച്ചിരുന്നുമില്ല. അതിനാൽ ഹിന്ദിഭാഷയിൽ രാമായണം രചിക്കേണ്ട ആവശ്യം വന്നുകൂടി. കഥ സുഗ്രാഹ്യമല്ലാതിരുന്നതുകൊണ്ടു് ജനങ്ങൾക്കു് രാമഭക്തിയും കുറഞ്ഞുതുടങ്ങിയിരുന്നു. അവർ യഥാൎത്ഥഭക്തിമാൎഗ്ഗം ത്യജിച്ചു് തെററായ വഴി സ്വീകരിക്കാനും തുടങ്ങി. രാമഭക്തിയുടെ കുറവുകൊണ്ടു് ജനങ്ങൾക്കു് ആത്മശക്തിയും കുറഞ്ഞുതുടങ്ങി. അതിനെത്തുടൎന്നു് ജനങ്ങൾ ദുഷ്പ്രവൎത്തികളിലേർപ്പെട്ടു് സ്വയം നശിക്കാൻ ഒരുങ്ങി. ഹിന്ദുക്കൾ അങ്ങിനെ നാശത്തിന്റെ വക്കിലേക്കു് ക്രമേണ നീങ്ങിക്കൊണ്ടിരുന്നു.

ഇങ്ങനെയുള്ള ഒരു സമയത്താണു് ഗോസ്വാമിതുളസീദാസ് രാമകഥ ഹിന്ദിഭാഷയിൽ എഴുതിയതു്. പണ്ഡിതനും പാമരനും അതു് സുഗ്രാഹ്യവും സുരുചികരവും ആയിത്തീൎന്നു. എല്ലാവരും അതിൽനിന്നു് അനവധി പാഠങ്ങൾ പഠിച്ചു; ജനങ്ങളിൽ ആത്മബലവും മനശ്ശക്തിയും വൎദ്ധിച്ചുവന്നു; ഹൃദയം ഭക്തിയിൽ മുഴുകി. ഭവനങ്ങൾതോറും രാമായണഗാനത്തിന്റെ തിരയടിച്ചു. ദുഃഖിതഹൃദയങ്ങൾക്കു് സമാധാനം ലഭിച്ചുതുടങ്ങി. ശത്രുമിത്രങ്ങളോടു് എപ്രകാരം പെരുമാറണമെന്നുള്ള ബോധം ജനങ്ങൾക്കുണ്ടായി. മനുഷ്യൎക്കു് തുളസീദാസന്റെ രാമായണം ഒരു മൃതസഞ്ജീവിനി തന്നെയായിത്തീൎന്നു. മുപ്പതുകോടി ഹിന്ദുക്കളെയാണു് ഇതുനിമിത്തം അദ്ദേഹം സംസാരദുഃഖത്തിൽനിന്നു മോചിപ്പിച്ചതു്. ഇപ്രകാരമുള്ള ഒരു മഹാപുരുഷന്റെ നാമം ശ്രീരാമനാമത്തിൽനിന്നു് ഒട്ടുംതന്നെ പവിത്രതകുറഞ്ഞതല്ല.

# 2

## ജനനവും മാതാപിതാക്കന്മാരും.

ഇത്ര മഹാനായ തുളസീദാസൻ ഒരു അശുഭനക്ഷത്രത്തിലാണു് ജനിച്ചതെന്നറിയുമ്പോൾ നിങ്ങൾക്കു് ആശ്ചൎയ്യം തോന്നിയേക്കാം. അതുകൊണ്ടു് മാതാപിതാക്കന്മാർ ജനനമാത്രയിൽത്തന്നെ ആ സന്താനത്തെ ഉപേക്ഷിച്ചുകളഞ്ഞു എന്നും പറയപ്പെടുന്നുണ്ടു്. മാതാപിതാക്കന്മാർ തങ്ങളുടെ പിഞ്ചുപൈതലിനെ ഉപേക്ഷിച്ചുവെന്നു പറയുന്നതു് വിശ്വസിക്കാവുന്നതുമല്ല.

ഒരുപക്ഷേ ആ സന്താനത്തിൻെറ സംരക്ഷണഭാരം ഭഗവാനിൽ സമർപ്പിച്ചശേഷം മാതാപിതാക്കന്മാരും ഇഹലോകജീവിതം അവസാനിപ്പിച്ചിരിക്കാവുന്നതാണ്. തുളസീദാസൻെറ പിതാവിൻെറപേര് ആത്മാരാമൻ എന്നും മാതാവിന്റെ പേര് ഹുൽസി എന്നുമാണ്. ഇവർ ബാംദാ ജില്ലയിലുള്ള സോദറാം എന്ന ഗ്രാമത്തിൽ പാർത്തിരുന്നു. ഈ കുടുംബം സരയൂപാറീന്ന ബ്രാഹ്മണ വംശത്തിൽപ്പെട്ടതായിരുന്നു. മാതാപിതാക്കന്മാർ ഉപേക്ഷിച്ചശേഷം ഈ അനാഥബാലകൻ രാമനാമംജപിച്ചുകൊണ്ട് ഭിക്ഷയാചിച്ചുനടന്നു. സദാസമയവുമുള്ള രാമനാമജപംകൊണ്ട് ജനങ്ങൾ ഇദ്ദേഹത്തെ രാമബോലാ എന്നുവിളിച്ചുവന്നു.

രാമബോലാ ഒരിക്കൽ ഭിക്ഷാന്നംകൊണ്ട് വയറു നിറച്ച് ഒരു വൃക്ഷത്തണലിൽ ഉറങ്ങുകയായിരുന്നു. കഠിനമായ ചൂടുള്ള സമയം. ഉറങ്ങുമ്പോഴും ആ അനാഥബാലകൻെറ ചുണ്ടുകൾ ചലിച്ചുകൊണ്ടിരുന്നു. രാമനാമസ്വരം അവയിൽനിന്നുതിർന്നിരുന്നു. സ്വന്തം ഗ്രാമത്തിലുള്ള ശ്രീരാമമൂർത്തിയെ സ്വപ്നത്തിൽ ദർശിക്കുകയായിരുന്നു ആ കുട്ടി. രാമൻ വിളിച്ച് ആശീർവ്വാദം നൽകുന്നതായി ഉറക്കത്തിൽ ആ ബാലനുതോന്നി. അയാളുടെ കണ്ണുകൾ പെട്ടെന്നുതുറന്നു. ആ കുട്ടി ഞെട്ടി എഴുന്നേററുകൊണ്ട് ആ രാമരൂപം അന്വേഷിച്ച് ചുററുപാടും അലഞ്ഞു. അവസാനം ക്ഷേത്രസന്നിധിയിൽ എത്തി. അയാൾക്ക് ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള അനുവാദം നിഷേധിക്കപ്പെട്ടിരുന്നു. കാരണം അയാൾ അപവിത്രനെന്നു കരുതപ്പെട്ടിരുന്നതാണ്. പക്ഷേ

അന്നു് അയാഠം നേരേ ക്ഷേത്രത്തിനകത്തേക്കുതന്നെ കടന്നു. ആ കുട്ടി രാമമൂത്തിയുടെ പവിത്രപാദങ്ങഠം കടന്നുപിടിച്ചു് പൊട്ടിക്കരയാൻതുടങ്ങി. പൂജാരി ഇതു കണ്ടു് വളരെ ക്ഷുഭിതചിത്തനായി ഒരു കനത്തവടിയുമായി രാമബോലായുടെ നേരേപാഞ്ഞു. ആ സാധു ബാലകൻ ജീവനുംകൊണ്ടോടി. പൂജകനും അയാളുടെ പിന്നാലെ പാഞ്ഞു. രാമബോലാ ക്ഷേത്രം അശുദ്ധമാക്കി എന്ന അപരാധം ആ പൂജകനു് ക്ഷമിക്കാൻ കഴിഞ്ഞില്ല. ഈസമയത്തു് നരഹരിദാസ് എന്ന ഒരു സന്യാസി എതിരേ വരുന്നുണ്ടായിരുന്നു. അദ്ദേഹത്തിനു് പൂജാരിയുടെ പെരുമാററം അശേഷം രസിച്ചില്ല. സന്യാസി ആ പൂജകനെ വളരെ ഭത്സിച്ചു, രാമബോലാ ആത്മരക്ഷാത്ഥം നരഹരിദാസിനെ അഭയംപ്രാപിച്ചു. നരഹരിദാസിനു് രാമബോലായുടെ പിതാവായ ആത്മാരാമനെ പരിചയമുണ്ടായിരുന്നു. അദ്ദേഹം ആ ബാലകനെ ഗംഗാതീരത്തുള്ള തൻെറ ആശ്രമത്തിലേക്കു കൂട്ടിക്കൊണ്ടുപോയി. സന്യാസി അയാളെ തുളസിച്ചെടികഠം നനയ്ക്കുന്നജോലി ഏല്പിച്ചു. രാമബോലാ ആ ജോലി വളരെ കൃത്യബോധത്തോടുകൂടി നിവ്വഹിച്ചുവന്നു. ഇതോടുകൂടി ജനങ്ങഠം രാമബോലായെ തുളസീദാസൻ എന്നു വിളിക്കാൻതുടങ്ങി. വിശ്രമവേളകഠം ആ ബാലൻ പഠിത്തത്തിനായി വിനിയോഗിച്ചു. ആശ്രമവാസികളിൽനിന്നു് ശ്രീരാമകഥ ശരിയായി കേഠംക്കുകയും പഠിക്കുകയുംചെയ്തു. മററസംഖ്യം കാര്യങ്ങളും അദ്ദേഹം പഠിച്ചു. ബാലൻെറ ബുദ്ധിസാമത്ഥ്യംകണ്ടു് നരഹരിദാസ് വളരെ സന്തുഷ്ടചിത്തനായി. തുളസീദാസനും ഭക്ത്യാദരപൂവ്വം ഗുരുവിനെ ശുശ്രൂഷിച്ചിരുന്നു.

# 3

## കാശിയിലേക്കു്

ഒരിക്കൽ നരഹരിദാസ് കാശിയിലേക്കുപോകുകയായിരുന്നു. അദ്ദേഹം തുളസീദാസനേയും കൂടെ കൊണ്ടുപോയിരുന്നു. അവിടെവച്ചു് തുളസീദാസനു് കാശിയിലെ ഒരു പ്രസിദ്ധപണ്ഡിതനും ഭക്താഗ്രഗണ്യൻമായ ശേഷസനാതനൻ എന്ന മഹാത്മാവിൻെറ പരിചയം സിദ്ധിച്ചു. ശേഷസനാതനൻ തുളസീദാസൻെറ യോഗ്യത ശരിക്കു മനസ്സിലാക്കി. ആ പണ്ഡിതനു് തുളസീദാസനെപ്പററി വളരെ മതിപ്പും സംതൃപ്തിയും തോന്നി. അദ്ദേഹം തുളസീദാസനെ തൻെറകൂടെത്തന്നെ താമസിക്കാൻ നിർബ്ബന്ധിച്ചു. തുളസീദാസൻ ആ ക്ഷണം സ്വീകരിച്ചു് പണ്ഡിതരുടെകൂടെ താമസിച്ചു് വേദവേദാന്തങ്ങളെല്ലാം ശരിയായി പഠിച്ചു് മഹാപണ്ഡിതനായിത്തീൎന്നു. അദ്ധ്യയനം പൂൎണ്ണമാക്കിയ ശേഷം തുളസീദാസ് സ്വന്തം ഗ്രാമത്തിൽ തിരിച്ചെത്തി. അന്നുമുതൽ അദ്ദേഹം രാമായണകഥ ഗാനംചെയ്തു് ജനങ്ങളെ ആനന്ദിപ്പിക്കുവാനും തുടങ്ങി.

# 4

## വിവാഹം.

ഗംഗയുടെ മറുകരയുള്ള ഒരു ഗ്രാമത്തിൽ ദീനബന്ധുപാഠക് എന്ന ഒരു പണ്ഡിതൻ താമസിച്ചിരുന്നു. അദ്ദേഹത്തിനു് രത്നാവലി എന്നു പേരുള്ള സുന്ദരിയായ ഒരു കന്യക ഉണ്ടായിരുന്നു. സ്വാമി നരഹരിദാസിന്റെ നിർദ്ദേശാനുസരണം ദീനബന്ധു തന്റെ പുത്രിയെ തുളസീദാസിനു് വിവാഹംചെയ്തുകൊടുത്തു. രത്നാവലിയെ ലഭിച്ചുകഴിഞ്ഞപ്പോൾ തുളസീദാസൻ കേവലം ഉന്മത്തനായിത്തീർന്നു. അദ്ദേഹം രാമനാമവും രാമകഥയുമെല്ലാം വിസ്മരിച്ചുപോയി. ഒരു ഭ്രമരംപോലെ അദ്ദേഹം രത്നാവലീസുമത്തിനു ചുററും വട്ടമിട്ടുകൊണ്ടു് രാപ്പകൽ കഴിച്ചുകൂട്ടി. അവളുടെ സൗന്ദര്യത്തെപ്പററി കവിത രചിച്ചു അവളെ പാടിക്കേൾപ്പിച്ചുതുടങ്ങി. ഇതെല്ലാം കണ്ടും കേട്ടും അവൾ വളരെ ലജ്ജിച്ചുപോയി. തുളസീദാസനാകട്ടെ അനുദിനം സംതൃപ്തിയിൽ കഴിഞ്ഞുകൂടി. അവളെ കൂടുതൽ കൂടുതൽ പ്രസന്നചിത്തയാക്കുവാൻവേണ്ടി അദ്ദേഹം പലവിധത്തിലും ശ്രമിച്ചുവന്നു. ഇപ്രകാരമുള്ള പ്രേമപാരവശ്യം കണ്ടു് ആ സാധുബാലിക തുലോം പരിക്ഷീണയായിത്തീർന്നു. മാത്രമല്ല ഈ പ്രേമവായ്പും പ്രാ

യേണ അവൾക്കു് കേവലം കയ്പായിത്തീൎന്നു. ഒരി ക്കൽ തുളസീദാസൻ ഏതോ കാൎയ്യത്തിനായി എവിടെ യോ പോയിരിക്കുകയായിരുന്നു. ആ തക്കംനോക്കി രത്നാവലി തന്റെ സഹോദരനുമൊന്നിച്ചു് സ്വന്തം ഭവ നത്തിലേക്കുപോയി.

സന്ധ്യയായപ്പോൾ തുളസീദാസൻ തിരിച്ചു വീ ട്ടിൽ എത്തി. മാൎഗ്ഗമദ്ധ്യേ പത്നിയെ സന്തോഷിപ്പിക്കു വാനുള്ള ഉപായം ആലോചിച്ചുകൊണ്ടാണു് വീട്ടിൽ എത്തിച്ചേൎന്നതു്. അദ്ദേഹം വീട്ടിൽ പ്രവേശിച്ച പ്പോൾത്തന്നെ ഒരു ശൂന്യത പ്രത്യക്ഷമായി. അകത്ത ന്വേഷിച്ചപ്പോൾ രത്നാവലിയെ കണ്ടില്ല. ഹൃദയത്തി നു് ഒരാഘാതം ഏററപോലെതോന്നി. അദ്ദേഹത്തിന്റെ കല്പനകളെല്ലാം ജലരേഖപോലെ നിഷ്ഫലമായി. പെ ട്ടെന്നു് അദ്ദേഹം ഭ്രാന്തചിത്തനായിതീൎന്നു. രത്നാവ ലിയെ വളരെ ഉച്ചത്തിൽ വിളിക്കാൻതുടങ്ങി. അവൾ അമ്മവീട്ടിൽ പോയിരിക്കയാണെന്നു് അദ്ദേഹത്തെ ആ രോ അറിയിച്ചു. അദ്ദേഹത്തിനു് ഒന്നുംതന്നെ ആലോ ചിക്കുവാൻ കഴിവുണ്ടായില്ല. ലക്ഷ്യമില്ലാതെ അങ്ങുമി ങ്ങും നടക്കാൻതുടങ്ങി. കേവലം ഒരു ഭ്രാന്തന്റെ സ്ഥി തിതന്നെയായിരുന്നു തുളസീദാസന്നു്. രത്നാവലി എ ന്ന നാമംജപിച്ചുകൊണ്ടാണു് അലഞ്ഞുനടന്നതു്. ഘോരമാരി വൎഷിച്ചുകൊണ്ടിരുന്നതു് അദ്ദേഹത്തിനു് അറിയുവാൻകഴിഞ്ഞില്ല. കൊടുങ്കാററു് അലറിക്കൊ ണ്ടിരുന്നു. ഗംഗ ഭയങ്കരങ്ങളായ തിരകൾ ഇളക്കിവിട്ടു. ഇതൊന്നും തുളസീദാസൻ കാണുന്നില്ല. അദ്ദേഹം പെ ട്ടെന്നു ഗംഗയിൽചാടി നീന്താൻതുടങ്ങി, പക്ഷെ അ

പ്പോഴത്തെ നീന്തൽ അതൊരു വിഫലശ്രമമായിരുന്നു. തിരമാലകളോടുമല്ലിട്ടു് അദ്ദേഹം തുലോം പരിക്ഷീണനായിതീൎന്നു. മറുകര എത്തുക സാദ്ധ്യമല്ലാതായി. പെട്ടെന്നു് ഏതോ ഒരു വസ്തുവിൽ പിടികിട്ടി. അതേൽ പിടിച്ചു് ഒരുവിധത്തിൽ തുളസീദാസൻ മറുകരയിൽ എത്തി. പിടികിട്ടിയവസ്തു എന്തായിരുന്നുവെന്നു് അദ്ദേഹത്തിനു് അറിയുവാൻ കഴിഞ്ഞില്ല.

## 5

## പത്നിയുടെ ധിക്കാരത്തിൽനിന്നു് ജ്ഞാനലബ്ധി.

അർദ്ധരാത്രിയായപ്പോൾ തുളസീദാസൻ ശ്വശ്രുരഭവനത്തിൽ എത്തിച്ചേൎന്നു. വീടിന്റെ വാതിൽ അടച്ചിരിക്കുകയാണു്. ശബ്ദമുണ്ടാക്കാൻ ലജ്ജ അനുവദിച്ചില്ല, അതുകൊണ്ടു് കുറച്ചുസമയം അങ്ങിനെ വാതുക്കൽതന്നെനിന്നു. പിന്നീടു് പിൻഭാഗത്തുള്ള ജനലിൽകൂടി അകത്തുകയറുന്നതിനു് അദ്ദേഹം തീരുമാനിച്ചു, അതനുസരിച്ചു പിൻഭാഗത്തുവന്നുനോക്കിയപ്പോൾ ഒരു കയറു് ജനലിൽ തൂങ്ങിക്കിടക്കുന്നതു് അദ്ദേഹം കണ്ടു. അതു് രത്നാവലി തൂക്കിയിട്ടിരിക്കയായിരിക്കാമെന്നു് തുളസീദാസൻ വിചാരിച്ചു. അദ്ദേഹം കുതിച്ചുചാടി കയറിൽ പിടിച്ചുകൊണ്ടു് മേലോട്ടുകയറാൻ തുടങ്ങി. അയൽക്കാരിൽ ആരോ ഒരാൾ ഈ കയററം കണ്ടു. മോഷ്ടാവായിരിക്കുമെന്നുവിചാരിച്ചു് അയാൾ ബഹളംകൂട്ടി, ഉടനേ ആളുകൾ നാലുഭാഗത്തുനിന്നും

ഓടിക്കൂടി. വടികൾ എടുത്തുകൊണ്ടാണ് എല്ലാവരും ഓടി അണഞ്ഞതു്. തുളസീദാസൻ ഇതെല്ലാംകണ്ടു് വളരെ ലജ്ജിച്ചു് ഒരു മൂലയിൽനിന്നിരുന്നു. ഓടിക്കൂടിയവരെല്ലാം നിന്ദാസ്വരം പുറപ്പെടുവിച്ചു. ഇതെല്ലാം കണ്ടു് അദ്ദേഹത്തിൻെറ സ്യാലനും വളരെ ലജ്ജിച്ചു പോയി. രത്നാവലിയെ സഹോദരപത്നി കളിയാക്കി. അവൾക്കു് അപമാനഭാരം സഹിക്കാൻ കഴിവില്ലാതായി. രത്നാവലി കോപംകൊണ്ടുവിറച്ചു പതിയുടെ സമീപം എത്തി. തുളസീദാസൻ ഭാര്യാദർശനത്തിൽ അപമാനമെല്ലാം വിസ്മരിച്ചു. അദ്ദേഹം കൈനീട്ടിക്കൊണ്ടു് രത്നാവലിയെ വിളിച്ചു് ഉച്ചത്തിൽ നിലവിളിക്കാൻ തുടങ്ങി. പക്ഷെ അവൾ നാം ആദ്യം കണ്ട രത്നാവലിയല്ലിപ്പോൾ. അവൾ അപ്പോൾ അലറിക്കൊണ്ടു് പറഞ്ഞു.

“അകന്നുനില്ക്കൂ. എൻെറ സമീപം വരരുതു്.” അവൾ വീണ്ടും പറഞ്ഞു.

“ഇങ്ങനെ എൻെറ പിറകേ നടക്കാൻ നിങ്ങൾക്കു ലജ്ജയില്ലേ? ഈ പ്രേമം വിചിത്രംതന്നെ. ഇതിനു് സ്നേഹമെന്നല്ല പറയുക, മൃഗീയവാസനയെന്നാണു് പറയുക. കേവലം ജഡികമായ മോഹം. ഈ ജഡമാകട്ടെ വെറും അസ്ഥിമാംസ മജ്ജകളാൽ നിർമ്മിതവും അത്രെ! നാളെ ഇതിൻെറ സൗന്ദര്യമെല്ലാം നഷ്ടപ്പെടും. തന്നെയുമല്ല ഇതുകേവലം അസ്ഥിപഞ്ജരമായി മാറുകയുംചെയ്യും. അപ്പോഴും നിങ്ങൾ ഈശരീരത്തെ ഇത്രമാത്രം സ്നേഹിക്കുമോ? പ്രിയനാഥാ! നിങ്ങൾക്കു് ഈ ശ

രീരത്തോടുള്ള പ്രേമം സാക്ഷാൽ ശ്രീരാമചന്ദ്രനോട്ട് ഉണ്ടായിരുന്നെങ്കിൽ ഈ സംസാരദുഃഖങ്ങളെല്ലാം എന്നേ നശിച്ചുപോകുമായിരുന്നു."

ഇത്രയുംപറഞ്ഞിട്ട് രത്നാവലി അവിടെനിന്നും അപ്രത്യക്ഷയായി.

തുളസീദാസന്റെ നേത്രങ്ങൾക്കുമുമ്പിൽനിന്നു് ഏതോ ഒരു യവനിക നീങ്ങിയതുപോലെ തോന്നി. അദ്ദേഹം തന്റെ കൈകൾ തിരുമ്മി. തുളസീദാസന്റെ കണ്ണുകളിൽനിന്നു് പശ്ചാത്താപബാഷ്പം പ്രവ്ഹിക്കാൻതുടങ്ങി. താൻ എന്തുകൊണ്ടു് ശ്രീരാമചന്ദ്രനെ വിസ്മരിച്ചു? മൺമയമായ ഈ ശരീരത്തിന്റെ പിറകേ ഭ്രാന്തചിത്തനായി താൻ എന്തിനു് അലഞ്ഞുതിരിഞ്ഞു? ഈ ചിന്തകൾക്കിടയിൽ ചിലപ്പോൾ അദ്ദേഹത്തിന്റെ നേത്രങ്ങൾക്ക് മുമ്പിൽ സപത്നിയുടെ പൈശാചികരൂപം പ്രത്യക്ഷപ്പെട്ടു. ചിലസമയത്തു് ശ്രീരാമചന്ദ്രന്റെ പവിത്രവിഗ്രഹവും. തുളസീദാസൻ രത്നാവലിക്കുപകരം രാമരാമ എന്നു് ഉച്ചത്തിൽ വിളിക്കുവാൻതുടങ്ങി. അങ്ങിനെ വിളിച്ചുകൊണ്ടു് അദ്ദേഹം മുറിക്കുവെളിയിൽ കടന്നു. ഈ സമയം സഹോദരഭാര്യമാരുടെ നിർബന്ധപ്രകാരം രത്നാവലി വീണ്ടും തുളസീദാസന്റെ അടുക്കലേക്കു് നടന്നു, പക്ഷേ അതിനുമുമ്പു് അദ്ദേഹം അവിടെനിന്നു് നടന്നു കഴിഞ്ഞിരുന്നു. അവൾ ആ മുറിയ്ക്കുള്ളിൽ ഒരു കടലാസ്സുകണ്ടു. അതിൽ തുളസീദാസൻ ഇപ്രകാരം കുറിച്ചിരുന്നു.

"ഭവതിയുടെ തുളസീദാസൻ ശ്രീരാമനെ അന്വേഷിച്ച് പോകുകയാണ്."

ഇതു് വായിച്ചുകഴിഞ്ഞപ്പോൾ രത്നാവലി ഒന്നു ഞെട്ടി. അവൾ സ്വയം ശപിച്ചു. താൻ ഇത്രമാത്രം അദ്ദേഹത്തെ ധിക്കരിച്ചോ എന്ന പ്രശ്നം അവളുടെ മനസ്സിൽ ഉദിച്ചു. അതു് ആലോചിക്കുംതോറും അവൾ വല്ലാതെ വിഷമിച്ചു. വളരെ വ്യസനിച്ചു. പലപ്രാവശ്യം പ്രാണനാഥനോടു മാപ്പിരന്നു. പക്ഷെ, അറിയുവാൻ തുളസീദാസൻ അടുത്തെങ്ങുമുണ്ടായിരുന്നില്ല. അതുകൊണ്ടു് അതെല്ലാം കേവലം വനരോദനംമാത്രമായി കലാശിച്ചു.

അങ്ങനെ രത്നാവലി അറിഞ്ഞോ അറിയാതെയോ ആത്മനാഥനെ ലോകനന്മയ്ക്കുവേണ്ടി പുതിയ ഒരു വഴിത്തിരുവിലേക്കു നയിച്ചു.

—o—

# 6

## രാമനെ അന്വേഷിച്ച്.

തുളസീദാസൻ രാമനാമം ജപിച്ചുകൊണ്ടു് വനത്തിൽ അലഞ്ഞുതിരിഞ്ഞു. രാമദർശനത്തിനു് ശേഷമേ വിശ്രമമനുഭവിക്കുകയുള്ളുവെന്നദ്ദേഹം ശപഥംചെയ്തു. ഈ കാലത്തു് ക്ഷുൽപിപാസാദികൾ ആ ദേഹത്തെ കാർന്നുതിന്നുകൊണ്ടിരുന്നു. തുളസീദാസൻ കേവലം ഉ

ണങ്ങിയ ഒരു പുല്ലോടികണക്കേ ശോഷിച്ചു. എങ്കിലും ആ വനത്തിലങ്ങോളമിങ്ങോളം അലഞ്ഞുതിരിഞ്ഞു കൊണ്ടേയിരുന്നു. ശ്രീരാമനെക്കാണ്മാൻ മനസ്സ് സദാസമയവും വെമ്പൽകൊണ്ടു. ഒരിക്കൽ ദാഹംകൊണ്ടു് തൊണ്ടവരണ്ടു് ബോധരഹിതനായി അദ്ദേഹം ഒരു വൃക്ഷച്ഛായയിൽ വീണുപോയി. ആ സമയം തുളസീദാസനോടു് ആരോ ഇപ്രകാരം ആജ്ഞാപിച്ചതായി പറയപ്പെടുന്നു.

"നിങ്ങൾ കാശിയിലേക്കു് പോകുക. അവിടെ ശ്രീരാമകഥ കേൾക്കുന്നതിനായി ഹനുമാൻ ഒരു വൃദ്ധബ്രാഹ്മണവേഷത്തിൽ നിത്യവും വന്നുകൊണ്ടിരിക്കുന്നു. നിത്യവും അദ്ദേഹം നേരത്തേ എത്തുകയും ഏററവും ഒടുക്കം പോകുകയുംചെയ്യുന്നു. നിങ്ങൾ അദ്ദേഹത്തിൻെറ കാൽക്കൽവീണു് ശ്രീരാമദർശനത്തിനായി അനുഗ്രഹിക്കണമെന്നു പ്രാർത്ഥിക്കുക. അദ്ദേഹം നിങ്ങളുടെ അഭീഷ്ടം സാധിച്ചുതരും."

പെട്ടെന്നു് തുളസീദാസൻ കണ്ണുതുറന്നു. ഉടൻതന്നെ കാശിയിലേക്കു പുറപ്പെട്ടു. അവിടെ എത്തിച്ചേർന്നതാമസമേ ഉണ്ടായുള്ളു ശ്രീരാമകഥാശ്രവണത്തിൽ പങ്കുകൊള്ളുന്നതിനു്. അങ്ങനെ തുടർച്ചയായി കുറേ ദിവസങ്ങൾ പോയിക്കഴിഞ്ഞപ്പോൾ എല്ലാവർക്കുംമുമ്പേ വന്നുചേരുകയും എല്ലാവർക്കും പിറകേ ഇറങ്ങിപ്പോകുകയുംചെയ്യുന്നൊരു വൃദ്ധബ്രാഹ്മണനെ തുളസീ

ദാസനു് കാണുവാൻ ഇടയായി. കഥാശ്രവണത്തിനിടയിൽ ശ്രീരാമഭക്തിയിൽമുഴകി അദ്ദേഹം കണ്ണുനീർ പൊഴിച്ചിരുന്നു. ഒരു ദിവസം ഏകാന്തതയിൽ തുളസീദാസൻ ആ ബ്രാഹ്മണനെ സമീപിച്ചു. അദ്ദേഹത്തിന്റെ കാലുപിടിച്ചു് ശ്രീരാമദർശനത്തിനു് അപേക്ഷിച്ചു. ബ്രാഹ്മണൻ തന്റെ കാലു് തുളസീദാസനിൽനിന്നു് വിടുവിക്കുവാൻ ശ്രമിച്ചു. പക്ഷേ അദ്ദേഹം വിട്ടില്ല. തുളസീദാസനിൽ വിശ്വാസം ജനിച്ച ഹനുമാനാകട്ടെ തന്റെ യഥാർത്ഥരൂപം കാണിച്ചുകൊടുത്തു. അതിനുശേഷം ഹനുമാൻ തുളസീദാസനോടു് ഇപ്രകാരം പറഞ്ഞു.

"നിങ്ങൾ ചിത്രകൂടത്തിലേക്കു് പോകുക. അവിടെ നിങ്ങൾക്കു് ശ്രീരാമദർശനം സിദ്ധിക്കും."

# 7

## ശ്രീരാമ ദർശനം

തുളസീദാസൻ ചിത്രകൂടത്തിൽ എത്തി. അവിടെ അദ്ദേഹം ഒരു പൊയ്കയുടെ തീരത്തിരുന്നു ചന്ദനമരച്ച് അവിടെച്ചെല്ലുന്ന സജ്ജനങ്ങളെ പൂശി സന്തുഷ്ടിയോടുകൂടി വസിച്ചു. ഒരുദിവസം പ്രാതൽ കാലത്തു് സുന്ദരന്മാരായ രണ്ടു രാജകുമാരന്മാർ അദ്ദേഹത്തിന്റെ സന്നിധിയിൽ ചെന്നുനിന്നു. തങ്ങളെയും ചന്ദനലേപനംചെയ്യണമെന്ന് അവർ അദ്ദേഹത്തോടു പറഞ്ഞു. പെട്ടെന്നുതന്നെ യാതൊരു വിസമ്മതവും കാണിക്കാതെ തുളസീദാസൻ ചന്ദനം അരച്ചു് അവരെ പൂശിത്തുടങ്ങി. ഈ സമയത്തു് ആരോ അടുത്തുനിന്നുകൊണ്ടു് ഇങ്ങനെ പറയുന്നതുപോലെ തുളസീദാസനു് തോന്നി.

"തുളസീദാസൻ ചിത്രകൂടത്തിൽ ഇരുന്നുകൊണ്ടു് ശ്രീരാമചന്ദ്രനെ ചന്ദനലേപനം ചെയ്യുന്നു."

ഈ വാക്കുകൾ കേട്ടയുടനെ തുളസീദാസൻ ആ രാജകുമാരന്മാരുടെ ചരണങ്ങളിൽ കടന്നുപിടിച്ചു. അദ്ദേഹം ബാഷ്പധാരകൊണ്ടു് ആ പാദപത്മങ്ങൾ കഴുകി. ശ്രീരാമചന്ദ്രൻ തനിക്കു് ശരിയായ ദർശനം നൽകുന്നതുവരെ അദ്ദേഹം ആ പിടിവിടാതെതന്നെ നിലകൊണ്ടു. ആ സമയത്തു് തുളസീദാസനു് ശ്രീരാമദർശനം സിദ്ധിച്ചു. തന്മൂലം അദ്ദേഹം കൃതാർത്ഥനായിത്തീർന്നു.

അവിടെനിന്നും അദ്ദേഹത്തിനു് മറെറാന്നും ലഭിക്കാനില്ലായിരുന്നു. അതുകൊണ്ടു് അവിടെനിന്നും തുളസീദാസൻ അയോദ്ധ്യയിലേക്കുപോയി. അവിടെയും കുറച്ചുനാൾ കഴിച്ചുകൂട്ടി. പിന്നീടു് തീർത്ഥാടനംചെയ്തു് ഭാരതമാകെ ചുററിസഞ്ചരിച്ചു. അവസാനം വീണ്ടും അയോദ്ധ്യയിൽ മടങ്ങിയെത്തി. 1574-ൽ അവിടെവച്ചും അദ്ദേഹം ശ്രേഷ്ഠകാവ്യമായ "രാമചരിതമാനസം" എഴുതുവാൻ ആരംഭിച്ചു. ഈ കാവ്യം എഴുതി തീർക്കുന്നതിനായി തുളസീദാസൻ വളരെക്കൊല്ലങ്ങൾ വിനിയോഗിച്ചിരിക്കാം. ഏതായാലും ഈ മഹാകാവ്യം ഒന്നുതന്നെയാണു് തുളസീദാസനു് ഇത്രമാത്രം പേരും പെരുമയും ആർജ്ജിച്ചുകൊടുത്തതു്.

ഏത്രയുംവേഗം ജനങ്ങളുടെ ഇടയിൽ തുളസീദാസരാമായണത്തിനു് പ്രചാരം സിദ്ധിച്ചു. എല്ലാവരും രാമായണഗാനം ആലപിക്കാൻതുടങ്ങി. വീടുകളിലെ

ല്ലാം രാമായണകഥ പാടുകയും കേൾക്കുകയുംചെയ്യുക യെന്നു ഒരു പതിവുണ്ടായി. മററുള്ള പണ്ഡിതന്മാർക്കെല്ലാം വളരെ അസൂയയും വിരോധവും തോന്നത്തക്കവിധം തുളസീദാസൻെറ രാമായണത്തിന്നു് പ്രചുരപ്രചാരം സിദ്ധിച്ചു. തുളസീദാസൻെറ രാമായണം മോഷ്ടിക്കാനും അദ്ദേഹത്തെത്തന്നെ കൊന്നുകളയാനുംകൂടി വിരോധികൾ തയ്യാറായി. പക്ഷേ ആ ശ്രമം സഫലമായില്ല.

# 8

## പണ്ഡിതന്മാർ ശത്രുക്കളായി

കാശിയിലുള്ള പണ്ഡിതന്മാരെല്ലാംകൂടി ഒരിക്കൽ തുളസീദാസിനെ കൊലപ്പെടുത്തുന്നതിന്ന് ചില ഘാതകന്മാരെ ഏർപ്പാടുചെയ്തിരുന്നു എന്ന് പറയപ്പെടുന്നു. ആ ഘാതകന്മാർ തുളസീദാസിന്റെ കുടിലിന്ന് സമീപമെത്തിയപ്പോൾ ശ്രീരാമലക്ഷ്മണന്മാർ വാതുക്കൽ പാറാവുനില്ക്കുന്നതാണ് കണ്ടതു്. അവർ തൽക്ഷണം പരിഭ്രാന്തരായി തിരിച്ചോടി രക്ഷപെട്ടു. പിന്നൊരിക്കൽ ആരോ തുളസീദാസിൻെറ കുടിലിന് തീവെച്ചു. ചുററുപാടുമുള്ളവർ അഗ്നിശമിപ്പിക്കുന്നതിനായി ഓടിക്കൂടി. എങ്കിലും ആളുകൾ വന്നുചേൎന്നപ്പോഴേക്ക് കുടിൽ എരിഞ്ഞു് ഭസ്മമായി. പക്ഷേ തുളസീദാസനോ അദ്ദേഹത്തിൻെറ രാമായണത്തിനോ യാതൊരു ഹാനിയും സംഭവിച്ചില്ല. അദ്ദേഹം തൽസ്ഥാനത്തുതന്നെ ധ്യാനനിമഗ്നനായി ഇരുന്നിരുന്നു.

ഒരിക്കൽനടന്ന വേറൊരുസംഭവമാണ് പറയാൻ പോകുന്നതു്, രാജാവായ ടോഡർമല്ലിനുണ്ടായിരുന്ന ഒരേഒരുപുത്രൻ അകാലമരണമടഞ്ഞു. കാശിയിലുള്ള ഒരു വലിയ പണ്ഡിതൻ ആ പുത്രൻ ചിരംജീവിയായിരിക്കുമെന്നു് അനുഗ്രഹിച്ചിരുന്നതാണ്. രാജപുത്രന്റെ മൃതശരീരം ശ്മശാനത്തിലേയ്ക്കു് നയിക്കപ്പെട്ടു. ശവമഞ്ചത്തിൻെറ മുമ്പിലായി ടോഡർമല്ലിൻെറ പുത്രവധുവും കദനഭാരംവഹിച്ചുകൊണ്ടു് മന്ദംമന്ദം നടന്നിരുന്നു. പ്രഭാതസമയമായിരുന്നു അപ്പോൾ. തുളസീദാസൻ സ്നാനാദികർമ്മങ്ങൾക്കുശേഷം അതുവഴി മടങ്ങിവരികയായിരുന്നു. മരിച്ച രാജകുമാരൻെറ പത്നി ഈ അവസരത്തിൽ ഓടിച്ചെന്നു് തുളസീദാസൻെറ പാദം തൊട്ടു് നമസ്കരിച്ചു. അപ്പോൾ അദ്ദേഹം കൈ ഉയർത്തി ഇങ്ങനെ ആശിർവദിച്ചു.

"നീ ഭാഗ്യവതിയായി ഭവിക്കട്ടെ."

അപ്പോൾ അവിടെ ഉണ്ടായിരുന്നവർ അദ്ദേഹത്തോടു പറഞ്ഞു.

"മഹാത്മൻ! ഇവളുടെ ഭർത്താവു് ചരമമടഞ്ഞു. അതുകൊണ്ടു് ഇവൾ 'സതി' അനുഷ്ഠിക്കുവാൻ പോകുകയാണ്."

ഉടൻതന്നെ തുളസീദാസൻ ആ ശവമഞ്ചം തടുത്തു നിറുത്തിക്കൊണ്ടു്. ശ്രീരാമചന്ദ്രനെ പ്രാർത്ഥിച്ചുതുടങ്ങി. അത്ഭുതമെന്നു പറയട്ടെ അല്പനിമിഷത്തിനുള്ളിൽ ആ രാജകുമാരൻെറ പ്രാണൻ വീണ്ടുകിട്ടി. ആ

രാജകുമാരൻ ഉണൎന്നെഴുന്നേററു. ഈ സംഭവംമുതൽ ടോഡർമല്ലൻ തുളസീദാസിനെ ആരാധിക്കാൻ തുടങ്ങി. ഇന്നും ടോഡർമല്ലിൻെറ വംശത്തിലുള്ള ആളുകൾ തുളസീദാസിൻെറ സമാധിദിനം കൊണ്ടാടിവരുന്നു. അങ്ങനെ തുളസീദാസിൻെറ കീൎത്തി ലോകമെങ്ങും വ്യാപിച്ചുതുടങ്ങി.

---

## 9

## റഹീമുമായുള്ള മൈത്രി

ടോഡർമൽ തുളസീദാസനെ അക്ബർ ചക്രവർത്തിയുമായി പരിചയപ്പെടുത്തി. അക്ബർ അദ്ദേഹത്തെ വളരെ ബഹുമാനിച്ചു. തന്നെയുമല്ല തുളസീദാസന് വേണ്ടുവോളം ധനവും പദവിയും നൽകുന്നതിനും ആഗ്രഹിച്ചു. പക്ഷെ തുളസീദാസൻ അവ എങ്ങിനെ സ്വീകരിക്കാനാണ്? അദ്ദേഹം ശ്രീരാമദർബാറിലെ ഒരംഗമല്ലെ?

അബ്ദുറഹീം ഖാനാ ഖാനാ തുളസീദാസൻെറ ഉററ സ്നേഹിതൻ ആയിരുന്നു. മാത്രമല്ല അബ്ദുറഹിം അദ്ദേഹത്തിൽ വളരെ ഭക്തിയുള്ളവനുംകൂടിയായിരുന്നു

ഒരിക്കൽ ഒരു ദരിദ്രബ്രാഹ്മണൻ തുളസീദാസനെ സമീപിച്ചു ഇപ്രകാരം അറിയിച്ചു.

“അവിടുത്തേയ്ക്ക് വലിയ ബന്ധുക്കൾ ഉണ്ട്. അവരിൽ ആരെക്കൊണ്ടെങ്കിലും എനിക്കും ജീവിതത്തിനുള്ള മാർഗ്ഗം തരുവിക്കുവാൻ സഹായിക്കുക.”

തുളസീദാസന് ആ ബ്രാഹ്മണനിൽ ദയവുണ്ടായി. അദ്ദേഹം ഒരു പദ്യത്തിൻെറ ആദ്യത്തെവരി എഴുതി ആ ബ്രാഹ്മണൻവശം റഹീമിൻെറ കയ്യിൽ എത്തിച്ചു. റഹിം ആ വരി വായിച്ചു. ആശയം മനസ്സിലാക്കി. ഉടൻതന്നെ അദ്ദേഹം അനവധി ധനം ആ ബ്രാഹ്മണന് നല്കിയിട്ട് ആ പദ്യം പൂരിപ്പിച്ചു. പൂരിപ്പിച്ച ഭാഗത്തിൻെറ ആശയം ഇതാണ്.

"തുളസിക്ക് ജന്മമരുളിയ മാതാവായ ഹുൽസി ഭാഗ്യവതിതന്നെ."

---

## 10

## ഭാര്യക്കു മറുപടി

രത്നാവലി തൻെറ പ്രാണനാഥൻെറ വേർപാടിനശേഷം, വളരെനാളത്തേയ്ക്കു് അദ്ദേഹത്തെ സംബന്ധിച്ചുള്ളവിവരങ്ങൾ ഒന്നും അറിഞ്ഞിരുന്നില്ല. രാമായണം എഴുതി പ്രസിദ്ധനായിത്തീൎന്നപ്പോൾ ഒരിക്കൽ അവൾ അദ്ദേഹത്തിന് ഇപ്രകാരം എഴുതി.

"അവിടുന്ന് ഇപ്പോൾ ശ്രീരാമചന്ദ്രനെ പ്രാപിച്ചു. ഇനി മടങ്ങിവന്നാലും."

തുളസീദാസൻ അതിനു താഴെപറയുന്ന മറുപടി കൊടുത്തു.

7199

"എനിക്കു് സ്വപത്നിയുടെ ഉപദേശംനിമിത്തം ശ്രീരാമപ്രാപ്തി ഉണ്ടായി. ആ ഭക്തിരസം അനുഭവിക്കുകയാണു് എന്റെ ജന്മോദ്ദേശമെന്നു് ഞാൻ കരുതുന്നു.

തുളസീദാസൻ അങ്ങനെ ഭാര്യാസമീപത്തേക്കു് മടങ്ങിപ്പോകുവാൻ കൂട്ടാക്കിയില്ല. എന്നാൽ പിന്നീടു് ഒരിക്കൽ രത്നാവലി ഭർത്തൃദർശനത്തിനായി കാശിയിൽച്ചെന്നിരുന്നുവെന്നും അദ്ദേഹത്തെ കൂട്ടികൊണ്ടു പോകുവാൻ വീണ്ടും വളരെ ശ്രമങ്ങൾ ഒക്കെ നടത്തിയെന്നും പറയപ്പെടുന്നു. എങ്കിലും രത്നാവലിയുടെ ആ ശ്രമമൊന്നും ഒട്ടുംതന്നെ സഫലമായില്ല.

# 11

## മീരയുടെ എഴുത്ത്.

ഒരിക്കൽ സൂരദാസ് കാശിയിൽ ചെന്നപ്പോൾ തുളസീദാസനുമായ പരിചയപ്പെടുകയുണ്ടായി. പിന്നീടൊരിക്കൽ മീര തുളസീദാസനോട് ഇപ്രകാരം എഴുതിച്ചോദിച്ചു.

"ഞാൻ എന്തുചെയ്യണം?"

ഈ ചോദ്യത്തിനു് തുളസീദാസൻ കൊടുത്ത മറുപടി ഇതാണു്.

"സീതയോടും ശ്രീരാമനോടും ഭക്തിയില്ലാത്തവരെ ശത്രുവായിപരിഗണിച്ചു് അവരിൽനിന്നകന്നു് താമസിക്കുക."

ഈ നിർദ്ദേശം മാനിച്ചു് മീര ചിത്തൂഡ് ഉപേക്ഷിച്ചു വൃന്ദാവനത്തിൽപോയി താമസിക്കുകയുണ്ടായെന്നും പറയപ്പെടുന്നു.

# 12

## ശ്രീകൃഷ്ണൻ ശ്രീരാമനായി

തുളസീദാസനു് ശ്രീരാമചന്ദ്രനിൽ അഖണ്ഡമായ ഭക്തിയുണ്ടായിരുന്നു. രാമചന്ദ്രനേയൊഴിച്ചു് മററാരുടേയുംമുമ്പിൽ അദ്ദേഹം ശിരസ്സ് നമിച്ചിരുന്നില്ല. ഒരിക്കൽ അദ്ദേഹം മധുരയിൽ പോയിരുന്നു. അവിടെയുള്ള ക്ഷേത്രത്തിൽച്ചെന്നു് മുരളീധരനായ ശ്രീകൃഷ്ണനെ ദർശിച്ചു. പക്ഷേ തുളസീദാസൻ കൃഷ്ണൻെറ മുമ്പിൽ തൻെറ തലകുനിച്ചില്ല. അദ്ദേഹം പെട്ടെന്നു് അവിടെ നിന്നുകൊണ്ടു് ഒരു കവിതചൊല്ലി. അതിൻെറ താല്പര്യം ഏതാണ്ടു് ഇപ്രകാരമാണു്.

“ഹേ സ്വാമി! അങ്ങയുടെ രൂപം നിസ്തുല്യവും പവിത്രവും ശ്രേഷ്ഠവുമാണു്. എന്നാൻ തുളസീദാസൻെറ ശിരസ്സ് കയ്യിൽ വില്ലും അമ്പും ധരിച്ചുകൊണ്ടു നില്ക്കുന്ന ആ ശ്രീരാമൻെറ മുമ്പിൽ മാത്രമേ കുനിയുകയുള്ളൂ.”

ആ പദ്യം ചൊല്ലിത്തീന്നമാത്രയിൽ ഭഗവാൻ ശ്രീകൃഷ്ണൻെറ ആ വിഗ്രഹം ശ്രീരാമവിഗ്രഹമായി രൂപംമാറി. ഇതുകണ്ടു് തുളസീദാസൻ ഗദ്ഗദകണ്ഠനായിത്തീന്നു. അദ്ദേഹം ആ വിഗ്രഹത്തിൻെറ മുമ്പിൽ സാഷ്ടാംഗം നമസ്കരിച്ചു.

---

# 13

## സമാധി

തുളസീദാസൻ വളരെനാഠം കാശിയിൽത്തന്നെ വസിച്ചിരുന്നു. എങ്കിലും അയോദ്ധ്യാ, ചിത്രകൂടം എന്നീസ്ഥലങ്ങളിൽ കൂടെക്കൂടെ പോകുമായിരുന്നു. പ്രായേണ വാർദ്ധക്യം ഈ ശ്രീരാമഭക്തനെ ആവേശിച്ചുതുടങ്ങി. തന്മൂലം അദ്ദേഹത്തിൻെറ ശരീരം വളരെ ക്ഷീണിച്ചുവന്നു. തുടൎന്ന് ശരീരത്തിന്ന് പലവിധ പീഡകളും ആരംഭിച്ചുകഴിഞ്ഞിരുന്നു. അതിനേത്തുടൎന്ന് വലതുകയ്യിൽ അദ്ദേഹത്തിന്ന് അസഹ്യമായ വേദനയും അനുഭവപ്പെട്ടുതുടങ്ങി. ഈ വേദന ശമിക്കുന്നതിൻവേണ്ടി തുളസീദാസൻ ഹനുമാനേ സ്തുതിച്ചു ഒരു കാവ്യം എഴുതുകയുണ്ടായി. എങ്കിലും വേദന അനുദിനം കൂടിവന്നതേയുള്ളു. ഇതേ പീഡാനുഭവത്തോടുകൂടി ആയിരത്തി അറുനൂററി മുപ്പത്തിരണ്ടിൽ (1632) ആ മഹാത്മാവു തൻെറ നശ്വരമായ ശരീരം ത്യജിച്ചു.

★

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. M08 Acc No. 7199

This book should be returned on or before the date last stamped below.

30 MAY 2002

m08

പ്രസന്നൻ ജി
പുല്ലശ്ശേരി
ടക്ക ഉളസിമാവ്

7199